അനുഭവപ്പെടുന്ന ജലദൗർലഭ്യം പരിഹരിക്കപ്പെടുന്നതാണ്. ഈ ജോലി കഴിയുന്നതു വേഗം പൂർത്തിയാക്കാനുള്ള നടപടികളും എടുത്തു കഴിഞ്ഞിട്ടുണ്ട്.

ദേവീപൂജാസ്ഥലങ്ങളും കാവുകളും

44 [615] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും സഹകരണവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ വട്ടപ്പാറ എന്ന സ്ഥലത്ത് ആറുവർഷങ്ങളിലധികമായി കുറവർ സമുദായക്കാരായ പട്ടികജാതിക്കാർ നടത്തിവന്ന ദേവീപൂജാസ്ഥലങ്ങളും കാവുകളും വെട്ടി അഴിച്ച് പൂജ തടസ്സപ്പെടുത്തിയതിനു പരിഹാരമുണ്ടാക്കണമെന്നു 15-1-1969-ൽ മിനിസ്റ്റർക്ക് നൽകിയ നിവേദനത്തിന്മേൽ എന്തെല്ലാം നടപടികളെടുത്തുവെന്നു വ്യക്തമാക്കാമോ;

(ബി) 7-4-1969-ലെ നമ്പർ ഈ. 2382/69-ാം നമ്പർ കത്തനുസരിച്ച് 16-4-1969-ൽ തിരുവനന്തപുരം സബ്ബ് കളക്ടർ ഈ സ്ഥലം സന്ദർശിച്ചിട്ടുണ്ടോ;

(സി) ഇദ്ദേഹം എന്തെല്ലാം ശുപാർശകളാണ് കളക്ടർക്ക് നൽകിയതു; എന്നാണു ശുപാർശ സമർപ്പിച്ചതു;

(ഡി) ജില്ലാ കളക്ടർ എന്തെല്ലാം ശുപാർശകളാണു സർക്കാരിനു സമർപ്പിച്ചതു; എന്നാണു ശുപാർശകൾ സമർപ്പിച്ചതു;

(ഈ) ഗവണ്മെന്റ് ഇതിനെല്ലാം എന്തു നടപടികളെടുത്തു;

(എഫ്) ഇരുപത്തഞ്ചു സെന്റു സ്ഥലം സർക്കാർ പൊതു ആവശ്യത്തിനായി വേണ്ടിവന്നാൽ അക്വയർ ചെയ്തെടുത്തു ഇവർക്ക് ക്ഷേത്രകാര്യത്തിനു വിട്ടുകൊടുക്കുമോ;

(ജി) ഇവിടെ നിലനിന്നുവരുന്ന സംഘർഷാവസ്ഥ ഇല്ലാതാക്കാൻ എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) വേടർ സമുദായക്കാരിൽനിന്നും ഇത്തരത്തിലൊരു നിവേദനം ലഭിച്ചിട്ടുണ്ട്. അതു ആവശ്യമായ അന്വേഷണത്തിനും നടപടിക്രമമായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തു.

(ബി) ഉണ്ട്.

(സി) ആരാധനാ സ്വാതന്ത്ര്യം സംരക്ഷിക്കാൻ ദേവസ്വം ബോർഡിൽ നിന്നു ചെയ്യാവുന്ന സഹായം നൽകണമെന്നു 16-4-69-ൽ ശുപാർശ ചെയ്തു.

(ഡി) ശുപാർശകളൊന്നും സമർപ്പിച്ചിട്ടില്ല. ഇക്കാര്യത്തിൽ ഗവണ്മെന്റ് പ്ലീഡറുടെ അഭിപ്രായം അറിയിച്ചുകൊണ്ട് സബ് കളക്ടരുടെ റിപ്പോർട്ടിന്റെ പകർപ്പോടുകൂടി 28-6-1969-ൽ ഗവണ്മെന്റിനു ഒരു റിപ്പോർട്ടയച്ചു.

(ഈ) ഗവണ്മെന്റ് പ്ലീഡറുടെ അഭിപ്രായത്തിന്മേൽ എന്തു നടപടി സ്വീകരിക്കാൻ കഴിയുമെന്നു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(എഫ്) ഈ കാര്യം പരിഗണനയിലാണ്.

(ജി) സംഘർഷാവസ്ഥ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉണ്ടെങ്കിൽ ആവശ്യമായ നടപടികളും കൈക്കൊള്ളുന്നതിനു ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly